ഇതിനകം ലഭിച്ചിരിക്കുന്നതെന്നും ആയത് റോഡിന്റെ അടിയന്തര സ്വഭാവം, ഫണ്ടിന്റെ ലഭ്യത മറ്റ് മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിലാണ് അനുവദിച്ചു നൽകുന്നതെന്നും കേരളത്തിന്റെ ആവശ്യം കൂടുതൽ ദേശീയ പാതകൾ അനുവദിക്കുന്ന സമയത്ത് മറ്റു സംസ്ഥാന സർക്കാരുകളുടെ ആവശ്യത്തിനൊപ്പം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി അറിയിച്ചിരിക്കുന്നു.

വികസന പദ്ധതികളുടെ ധനകാര്യപരിശോധനാ വിഭാഗത്തിന്റെ പരിശോധന

194 (791) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നടത്തിവന്നിരുന്ന വികസന പദ്ധതികൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നുവോ ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഇത്തരത്തിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിഗണനയ്ക്ക് അയച്ചിരുന്നത് ;

(സി) സംസ്ഥാനത്തെ റോഡ്, പാലം, എന്നിവയുടെ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതുമൂലം വൈകിയത് ;

(ഡി) ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നത് ;

(ഇ) ഇവയിൽ ഇനിയും പരിശോധന പൂർത്തിയാക്കാൻ എന്തൊക്കെ പദ്ധതികളാണുള്ളത് ?

ഉത്തരം

(എ-ഇ) പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി നടത്തിവരുന്ന വികസന പദ്ധതികളെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തോട് കൂടുതൽ പരിശോധന നടത്താൻ ആവശ്യപ്പെട്ടിട്ടില്ല.

തിരക്കേറിയ വീഥികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

195 (792) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരക്കേറിയ പൊതുവീഥികളിൽ അശാസ്ത്രീയവും നിയമവിരുദ്ധവുമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൊതുജനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുവഴികളിൽ നിർമ്മാണ സാമഗ്രികൾ നിരത്തി സഞ്ചാര സ്വാതന്ത്ര്യം നിരോധിക്കരുതെന്ന പൊതുമരാമത്ത് വകുപ്പ് നിയമാവലിയും ഇതു സംബന്ധിച്ച കോടതി നിർദ്ദേശങ്ങളും ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ വർഷം ഇത്തരത്തിൽ എത്ര സംഭവങ്ങളിൽ വകുപ്പുതല നടപടി സ്വീകരിച്ചു ; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അശാസ്ത്രീയവും നിയമവിരുദ്ധവുമായ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുവീഥികളിൽ അനുവദിക്കാറില്ല.

(ബി) കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് ഹൈവേ അതോറിറ്റി കൂടിയായ എക്സി.എഞ്ചിനീയർമാർ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

മേജർ ജില്ലാ റോഡുകൾ സ്റ്റേറ്റ് ഹൈവേയാക്കാനുള്ള പദ്ധതികൾ

196 (793) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മേജർ ജില്ലാ റോഡുകൾ സ്റ്റേറ്റ് ഹൈവേയാക്കാനുള്ള എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത് ;

(ബി) ദേശീയ റോഡ് ഫണ്ടിൽ നിന്നുള്ള ധനസഹായത്തിനായി ഇവയിൽ ഏതൊക്കെ റോഡുകളുടെ ലിസ്റ്റാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത് ;

(സി) ഇതുവരെ ഇവയിൽ എത്ര റോഡുകളുടെ വികസനത്തിനാണ് അനുമതി ലഭിച്ചത് ;

(ഡി) ഇതിനായി ഇതുവരെ ആകെ എത്ര കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചു ;

(ഇ) ഈ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly